"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ദുരന്തനിവാരണ വകുപ്പ് - കാലവർഷക്കെടുതികൾ - എസ്.ഡി.ആർ.എഫ്. - കോട്ടയം ജില്ല - ഈരാറ്റുപേട്ട ബ്ലോക്കർ - തലപ്പലം ഗ്രാമപഞ്ചായത്തിലെ ഈറ്റയ്ക്കാട്ട് - ചിരട്ടോലിപ്പാറ റോഡ് പുനരുദ്ധാരണ പ്രവൃത്തി - പൂർത്തീകരണത്തിലുണ്ടായ കാലതാമസം മാപ്പാക്കിയും അന്തിമ ബിൽ തുക അനുവദിക്കുന്നതിന് അനുമതി നൽകിയും - ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**ദുരന്തനിവാരണ (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.452/2025/DMD തീയതി,തിരുവനന്തപുരം, 01-07-2025

---

പരാമർശം:- 1. 16.02.2022 തീയതിയിലെ സ. ഉ. (സാധാ) നം. 152/2022/ഡി.എം.ഡി.

2. കോട്ടയം ജില്ലാകളക്ടറുടെ 22.06.2025 തീയതിയിലെ DCKTM/10601/2022-DM2 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

എസ്.ഡി.ആർ.എഫ്. മാനദണ്ഡപ്രകാരം കാലവർഷക്കെടുതിയിൽ ഗതാഗതയോഗ്യമല്ലാതായിത്തീർന്ന റോഡുകളുടെ പുനരുദ്ധാരണത്തിൽ ഉൾപ്പെടുത്തി പരാമർശം (1) ഉത്തരവ് പ്രകാരം നാല് ലക്ഷം രൂപയുടെ ഭരണാനുമതി ഈരാറ്റുപേട്ട ബ്ലോക്കിൽപ്പെട്ട തലപ്പലം ഗ്രാമപഞ്ചായത്തിലെ ഈറ്റയ്ക്കാട്ട് - ചിരട്ടോലിപ്പാറ റോഡ് പ്രവൃത്തിക്ക് ലഭിച്ചിട്ടുണ്ട്. പ്രവൃത്തിയുടെ പദ്ധതി പ്രദേശത്ത് ജലജീവൻ മിഷന്റെ പൈപ്പ് സ്ഥാപിക്കുന്ന പ്രവൃത്തി നടപ്പിലാക്കുകയായിരുന്നതിനാലാണ് പ്രസ്തുത റോഡ് പ്രവൃത്തിയുടെ പൂർത്തീകരണത്തിന് കാലതാമസം നേരിട്ടതെന്നും അതിനാൽ പ്രസ്തുത പ്രവൃത്തി പൂർത്തീകരിച്ചതിലെ കാലതാമസം മാപ്പാക്കി അന്തിമ ബിൽ തുക അനുവദിക്കുന്നതിനുള്ള അനുമതി നൽകണമെന്നും പരാമർശം (2) കത്ത് പ്രകാരം ജില്ലാകളക്ടർ അഭ്യർത്ഥിച്ചു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കോട്ടയം ജില്ലാ കളക്ടറുടെ ശിപാർശയും നിർവ്വഹണ ഉദ്യോഗസ്ഥന്റെ വിശദീകരണവും പരിഗണിച്ച് പരാമർശം (1) ഉത്തരവ് പ്രകാരം ഭരണാനുമതി നൽകിയ ഈരാറ്റുപേട്ട ബ്ലോക്കിൽപ്പെട്ട തലപ്പലം ഗ്രാമപഞ്ചായത്തിലെ ഈറ്റയ്ക്കാട്ട് - ചിരട്ടോലിപ്പാറ റോഡ് പുനരുദ്ധാരണ പ്രവൃത്തിയുടെ പൂർത്തീകരണത്തിലുണ്ടായ കാലതാമസം മാപ്പാക്കിയും അന്തിമ ബിൽ തുകയിൽ നിന്നും എസ്.ഡി.ആർ.എഫ്. മാനദണ്ഡപ്രകാരം അനുവദനീയമായ പ്രവൃത്തിക്ക് വേണ്ടി ചെലവായ തുക മാത്രം അനുവദിക്കുന്നതിന് കോട്ടയം ജില്ലാകളക്ടർക്ക് അനുമതി നൽകിയും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

പൂജ ലാൽ കെ എ എസ്
അണ്ടർ സെക്രട്ടറി

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരളം, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ, ബ്രാഞ്ച് ഓഫീസ്, ~~തിരുവനന്തപുരം~~ കോട്ടയം
ലാൻഡ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം
കമ്മീഷണർ, ഡിസാസ്റ്റർ മാനേജ്മെന്റ്, തിരുവനന്തപുരം
ജില്ലാ കളക്ടർ, ~~തിരുവനന്തപുരം~~ കോട്ടയം.
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് പകർപ്പ് (ഫയൽ നം. DMB1/139/2025-DMD)

ഉത്തരവിൻ പ്രകാരം

Signed by
Kumari Rekha S.R
സെക്ഷൻ ഓഫീസർ
Date: 02-07-2025 12:38:59

പകർപ്പ്: ദുരന്തനിവാരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി. എ. യ്ക്ക്